"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - പോലീസ് വകുപ്പിൽ സേവനത്തിലിരിക്കെ നിര്യാതനായ പി. തങ്കരാജ്-ന്റെ മകൻ ശ്രീ. ലെനിൻ എം. രാജ് ആശ്രിത നിയമനം ലഭിക്കുന്നതിനായി തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആഭ്യന്തര (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.2052/2022/HOME തീയതി,തിരുവനന്തപുരം, 23-07-2022

പരാമർശം:-
1. 24.05.1999 ലെ സ.ഉ.(പി)നം. 12/99/ഉ.ഭ.പ.വ.
2. ശ്രീ. ലെനിൻ എം. രാജ് 15.01.2017-ൽ സമർപ്പിച്ച ആശ്രിത നിയമന അപേക്ഷ.
3. സംസ്ഥാന പോലീസ് മേധാവിയുടെ 05.06.2017 ലെ എം.4(എ)-69578/2017/പി.എച്ച്.ക്യൂ. നമ്പർ കത്ത്.
4. ശ്രീ. ലെനിൻ എം. രാജ് 15.03.2022-ൽ സമർപ്പിച്ച തസ്തികമാറ്റ അപേക്ഷ.
5. സംസ്ഥാന പോലീസ് മേധാവിയുടെ 23/03/2022- ലെ എം.4(എ)-46586/2022/പി.എച്ച്.ക്യൂ. നമ്പർ കത്ത്.

**ഉത്തരവ്**

പോലീസ് വകുപ്പിൽ ബേപ്പൂർ കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ സബ് ഇൻസ്പെക്ടർ തസ്തികയിൽ സേവനത്തിലിരിക്കെ 09.02.2012-ൽ നിര്യാതനായ പി. തങ്കരാജ്-ന്റെ മകൻ കൊല്ലം, മൈനാഗപ്പള്ളി, കടപ്പ, ഒഡേസയിൽ ശ്രീ. ലെനിൻ എം. രാജ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിൽ കാലതാമസം നേരിടുമെന്നതിനാൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കുന്നതിനായി ശ്രീ. ലെനിൻ എം. രാജ് പരാമർശം 4 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സേവനത്തിലിരുന്ന വ്യക്തിയുടെ മരണസമയത്ത് അപേക്ഷകൻ മൈനറാണെങ്കിൽ, പ്രായപൂർത്തിയായ തീയതി മുതൽ 3 വർഷത്തിനുള്ളിൽ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 19-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരിക്കൽ സമർപ്പിച്ച അപേക്ഷയിലെ തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് ഈ കാലയളവിനുള്ളിലായിരിക്കണമെന്ന് പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 25-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പി. തങ്കരാജ്-ന്റെ മരണസമയത്ത് മൈനർ ആയിരുന്ന അപേക്ഷകൻ (ജനനതീയതി-19.10.1998) എൽ.ഡി.ക്ലർക്ക് തസ്തികയിലേയ്ക്കുള്ള ആശ്രിത നിയമന അപേക്ഷ യഥാസമയം സമർപ്പിച്ചിട്ടുണ്ടെങ്കിലും ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് മാറ്റം ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിക്കുന്നതിൽ 2 വർഷത്തേയും 4 മാസത്തേയും 28 ദിവസത്തേയും കാലതാമസം ഉണ്ടായിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പോലീസ് വകുപ്പിൽ ബേപ്പൂർ കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ സബ് ഇൻസ്പെക്ടർ തസ്തികയിൽ സേവനത്തിലിരിക്കെ 09.02.2012-ൽ നിര്യാതനായ പി. തങ്കരാജ്-ന്റെ മകൻ ശ്രീ. ലെനിൻ എം. രാജ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്കുനിയമനം ലഭിക്കുന്നതിനായി തസ്തിക മാറ്റം ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചതിൽ ഉണ്ടായ 2 വർഷവും 4 മാസവും 28 ദിവസത്തേയും കാലതാമസം ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് മാപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ. ലെനിൻ എം. രാജ്, ഒഡേസ, കടപ്പ, മൈനാഗപ്പള്ളി, കൊല്ലം-690 519.
സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കൊല്ലം (29.11.2017 ലെ എസ് 4-33891/2017/DDis പ്രകാരം)
പൊതുഭരണ (എസ്.സി.) വകുപ്പ്.
പൊതുഭരണ (സി.ഇ.സെൽ) വകുപ്പ്. ( ഇനം. തീയതി, )
ഇൻഫോർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
**Signed by S Chandragopan**
**Date: 23-07-2022 14:16:17**
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-07-2022

ഫയൽ നം. കെ3/69/2018/ആഭ്യന്തരം. ഇനം നം: 930

വിഷയം : ആഭ്യന്തര വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിനായി ശ്രീ. ലെനിൻ എം രാജ് തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

Office of the Additional Chief Secretary Home, Vigilance & Environment Departments

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | **കെ3/ 69/ 2018/ ആഭ്യന്തരം** |
| 2. വകുപ്പ് | **ആഭ്യന്തര(കെ) വകുപ്പ്** |
| 3. വിഷയം | **സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിനായി ശ്രീ. ലെനിൻ എം. രാജ് തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത്- സംബന്ധിച്ച്.** |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 30.06.2022 |
| 5.(i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | **അല്ല** |
| (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | **ഇല്ല** |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | **ഇല്ല** |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | **ശ്രീമതി. മേരി ലാലി സി. വൈ.** |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | **ഡോ. വേണു വി.** |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 06.07.2022 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | **ഡോ. വി.പി. ജോയ്** |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 08.07.2022 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | **ശ്രീ. പിണറായി വിജയൻ** |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 15.07.2022 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 18.07.2022 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 20.07.2022 |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി ശ്രീ. ലെനിൻ എം. രാജ് സമർപ്പിച്ചിരുന്ന തസ്തികമാറ്റത്തിനായുള്ള അപേക്ഷയിലെ കാലതാമസം മാപ്പാക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) ബേപ്പൂർ കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ സബ് ഇൻസ്പെക്ടർ തസ്തികയിൽ സേവനത്തിലിരിക്കെ 09.02.2012-ൽ നിര്യാതനായ പി. തങ്കരാജ്-ന്റെ മകൻ കൊല്ലം, മൈനാഗപ്പള്ളി, കടപ്പ, ഒഡേസയിൽ ശ്രീ. ലെനിൻ എം. രാജ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി 15.01.2017-ൽ അപേക്ഷ സമർപ്പിച്ചിരുന്നു. പോലീസ് വകുപ്പിൽ ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ ഒഴിവില്ലാത്തതിനാൽ മറ്റ് വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പരിഗണിക്കുന്നതിനായി അപേക്ഷകനെ സംബന്ധിക്കുന്ന വിവരങ്ങൾ പൊതുഭരണ (സി.ഇ.സെൽ) വകുപ്പിന് 22.03.2018-ൽ നൽകിയിട്ടുണ്ട്. എന്നാൽ, ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിൽ കാലതാമസം നേരിട്ടുമെന്നതിനാൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കുന്നതിനായി ശ്രീ. ലെനിൻ എം. രാജ് 15.03.2022-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

3) സേവനത്തിലിരുന്ന വ്യക്തിയുടെ മരണസമയത്ത് അപേക്ഷകൻ മൈനറാണെങ്കിൽ, പ്രായപൂർത്തിയായ തീയതി മുതൽ 3 വർഷത്തിനുള്ളിൽ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് 24.05.1999 ലെ G.O.(P)No. 12/99/P& ARD-യിലെ ഖണ്ഡിക 19-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരിക്കൽ സമർപ്പിച്ച അപേക്ഷയിലെ തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് ഈ കാലയളവിനുള്ളിലായിരിക്കണമെന്ന് പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 25-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പി. തങ്കരാജ്-ന്റെ മരണസമയത്ത് മൈനർ ആയിരുന്ന അപേക്ഷകൻ (ജനനതീയതി-19.10.1998) എൽ.ഡി.ക്ലർക്ക് തസ്തികയിലേയ്ക്കുള്ള ആശ്രിത നിയമന അപേക്ഷ യഥാസമയം സമർപ്പിച്ചിട്ടുണ്ടെങ്കിലും തസ്തികമാറ്റം ആവശ്യപ്പെട്ട് അപേക്ഷ

സമർപ്പിക്കുന്നതിൽ 2 വർഷത്തേയും 4 മാസത്തേയും 28 ദിവസത്തേയും കാലതാമസം ഉണ്ടായിട്ടുണ്ട്.

4) തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നതിലൂടെ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതല്ല

5) ഈ വിഷയം ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് മന്ത്രിസഭായോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ ബഹു മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട സംഗതി**

പോലീസ് വകുപ്പിൽ സബ് ഇൻസ്പെക്ടർ തസ്തികയിൽ സേവനത്തിലിരിക്കെ 09.02.2012-ൽ നിര്യാതനായ പി. തങ്കരാജ്-ന്റെ മകൻ ശ്രീ. ലെനിൻ എം. രാജ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി തസ്തികമാറ്റ അപേക്ഷ സമർപ്പിച്ചതിൽ ഉണ്ടായ 2 വർഷവും 4 മാസവും 28 ദിവസത്തേയും കാലതാമസം ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് മാപ്പാക്കി നൽകാവുന്നതാണോ ?